**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന സംരംഭത്തിന്റെ (Urban Solid Waste Management Initiative) ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഗുഡ് വിൽ അംബാസഡർ ആയി പത്മശ്രീ ഭരത് മോഹൻലാലിനെ പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 2498/2018/തസ്വഭവ തിരുവനന്തപുരം, തീയതി 25.09.2018

---

പരാമർശം:- 1) മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപക പദ്ധതികൾ സംബന്ധിച്ച് തീരുമാനമെടുക്കു ന്നതിന് രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ഉപദേശക സമിതിയുടെ 30.07.2018 ൽ ചേർന്ന പതിമൂന്നാമത് യോഗത്തിലെ തീരുമാനം

2) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടറുടെ 06.09.2018 ലെ KSIDC/TVM/3606/2018/1669 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഖരമാലിന്യ പരിപാലന/സംസ്കരണ രംഗത്ത് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി അത്യന്താധുനിക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതും പരിസ്ഥിതിക്കോ പൊതുജനങ്ങൾക്കോ ദോഷമുണ്ടാക്കാത്തതുമായ വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ (Waste-to-Energy Plants) സംസ്ഥാന സർക്കാരിന്റെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന സംരംഭത്തിന്റെ (Urban Solid Waste Management Initiative) ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭത്തിന്റെ ഗുഡ് വിൽ അംബാസിഡർ എന്ന നിലയിൽ പ്രതിഫലം കൂടാതെ സഹകരിക്കാമെന്ന് പത്മശ്രീ ഭരത് മോഹൻലാൽ സമ്മതിച്ചിട്ടുള്ളതായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന സംരംഭത്തിന്റെ (Urban Solid Waste Management Initiative) ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് വിവിധ

ഇടങ്ങളിൽ ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ ഖര-മാലിന്യ സംസ്കരണത്തിനായി വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഗുഡ് വിൽ അംബാസഡർ ആയി പത്മശ്രീ ഭരത് മോഹൻലാലിനെ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**റ്റി.കെ.ജോസ്**

**ഗവ. അഡിഷണൽ ചീഫ് സെക്രട്ടറി**

പത്മശ്രീ ഭരത് മോഹൻലാൽ (കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ മുഖേന)

മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. മുഖ്യമന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്

അണ്ടർ സെക്രട്ടറി